KERALA
AGRICULTURAL
UNIVERSITY

# POST GRADUATE DIPLOMA IN AGRICULTURAL EXTENSION MANAGEMENT (PGDAEM)

## PROSPECTUS 2025- 26







www.admissions.kau.in

DEPARTMENT OF AGRICULTURAL EXTENSION EDUCATION
COLLEGE OF AGRICULTURE, VELLAYANI
THIRUVANANTHAPURAM - 695 522

# KERALA AGRICULTURAL UNIVERSITY
# കേരള കാർഷിക സർവ്വകലാശാല

Prospectus for admission to

# POST GRADUATE DIPLOMA IN AGRICULTURAL EXTENSION MANAGEMENT (PGDAEM)

**2025 – 2026**

## പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ എക്സ്റ്റെൻഷൻ മാനേജ്മെന്റ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

**2025 – 2026**

**College of Agriculture, Vellayani**
**Thiruvananthapuram, Kerala, – 695 522**
**കാർഷിക കോളേജ്, വെള്ളായണി**
**തിരുവനന്തപുരം, കേരളം – 695 522**

## COURSE OBJECTIVES

- To equip the professionals with the knowledge, skill and competencies required to manage and improve agricultural extension systems effectively.
- To provide the farmers with the necessary information, technologies and services to improve their productivity and income.
- To impart technical knowledge and managerial skills to design, implement and evaluate extension programmes.

## കോഴ്സ് ലക്ഷ്യങ്ങള്

- കാർഷിക വിജ്ഞാന വ്യാപന സംവിധാനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ അറിവ്, വൈദഗ്ദ്ധ്യം കഴിവുകൾ എന്നിവയില് പ്രൊഫഷണലുകളെ സജ്ജരാക്കുക

- കര്ഷകരുടെ ഉത്പ്പാദന ക്ഷമതയും വരുമാനവും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ, സാങ്കേതിക വിദ്യകൾ, സേവനങ്ങൾ എന്നിവ നല്കുക

- കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ രൂപകല്പന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും സാങ്കേതിക പരിജ്ഞാനവും മാനെജ്മെന്റ് കഴിവുകളും നല്കുക

## COURSE STRUCTURE AND CONTENTS
## ( കോഴ്സ് ഘടനയും ഉള്ളടക്കവും)

The programme has 30 credits and will be offered in two semesters. Each semester will have 15 credits. There will be 13 days of personal contact classes per semester and the rest will be offered through online mode.The programme is supported with printed reading material, lecture series-cum-contact classes and e-learning resources. The lecture series-cum-contact classes will be organized at College of Agriculture, Vellayani or any other identified institute for 13 days in each semester.

രണ്ട് സെമസ്റ്ററുകളിലായി 30 ക്രെഡിറ്റുകളാണ് ഈ പ്രോഗ്രാമിലുള്ളത്. ഓരോ സെമസ്റ്ററിനും 15 ക്രെഡിറ്റുകൾ ഉണ്ടായിരിക്കും. ഒരു സെമസ്റ്ററിൽ 13 ദിവസത്തെ വ്യക്തിഗത സമ്പർക്ക ക്ലാസുകളും ബാക്കിയുള്ളവ ഓൺലൈനായും ലഭ്യമാക്കും. അച്ചടിച്ച വായനാ സാമഗ്രികൾ, പ്രഭാഷണ പരമ്പര - സമ്പർക്ക ക്ലാസ്സുകൾ, ഇ – ലേണിംഗ് ഉറവിടങ്ങൾ എന്നിവയുടെ പിന്തുണയോടെയാണ് പരിപാടി നടക്കുന്നത്. വെള്ളായണിയിലെ കാർഷിക കോളേജിലോ അല്ലെങ്കിൽ മറ്റേതെങ്കിലും തിരഞ്ഞെടുത്ത സ്ഥാപനത്തിലോ ഓരോ സെമസ്റ്ററിലും 13 ദിവസത്തേക്ക് സമ്പർക്ക ക്ലാസ്സുകൾ സംഘടിപ്പിക്കും

## THE DETAILS OF THE COURSE (കോഴ്സ് വിശദാംശങ്ങള്)

| | | |
|---|---|---|
| **a** | Name of the course<br>കോഴ്സിന്റെ പേര് | Post Graduate Diploma in Agricultural Extension Management<br>(PGDAEM)<br>പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ എക്സ്റ്റെൻഷൻ മാനേജ്മെന്റ് |
| b | Department and station/ college offering the course<br>കോഴ്സ് വാഗ്ദാനം ചെയ്യുന്ന വകുപ്പും സ്റ്റേഷൻ/കോളേജും | Department of Agricultural Extension Education,<br>College of Agriculture, Vellayani<br>Thiruvananthapuram<br>കാർഷിക വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗം,കാർഷിക കോളേജ്, വെള്ളായണി<br>തിരുവനന്തപുരം |
| c | Number of seats<br>സീറ്റുകളുടെ എണ്ണം | 30 seats<br>30 സീറ്റുകൾ |
| d | Duration of the course<br>കോഴ്സിന്റെ ദൈർഘ്യം | One year (two semesters)<br>ഒരു വർഷം (രണ്ട് സെമെസ്റ്റർ) |
| e | Eligibility<br>യോഗ്യത | Bachelor's degree in any subject or B. Voc degree. Working professionals in Agriculture and allied sectors of the Central/State/UT governments, SAUs, KVKs, Bank, Block & Assistant Technology Managers (BTMs & ATMs) of ATMA, Graduates working in Agri - business companies, NGOs, Cooperatives, Farmers' Producer Organizations / Company, Agri- entrepreneurs and Input dealers are also eligible. |

| | | |
|---|---|---|
| | | ഏതെങ്കിലും വിഷയത്തിൽ ബിരുദം അല്ലെങ്കിൽ ബി. വോക് ബിരുദം. കേന്ദ്ര/ സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശ സർക്കാരുകളിലെ കൃഷി, അനുബന്ധ മേഖലകളിലെ വിജ്ഞാന വ്യാപന പ്രവർത്തകർ, എസ്.എ.യു.കൾ, കെ.വി.കെ.കൾ, ബാങ്ക്, എ.ടി.എം.എയിലെ ബ്ലോക്ക് ആന്റ് അസിസ്റ്റന്റ് ടെക്നോളജി മാനേജർമാർ, കാർഷിക ബിസിനസ്സ് കമ്പനികൾ, എൻ.ജി.ഒ കൾ, സഹകരണ സ്ഥാപനങ്ങൾ, കർഷക ഉൽപ്പാദക സംഘടനകൾ/ കമ്പനികൾ എന്നിവയിൽ ജോലി ചെയ്യുന്നവർ, കാർഷിക സംരഭകർ, ഇൻപുട്ട് ഡീലർമാർ എന്നിവർക്കും യോഗ്യതയുണ്ട്. |
| f | fee structure (ഫീ ഘടന) | |
| | Admission Fee(one Time Payment)<br>പ്രവേശന ഫീസ് | Rs.5000/-<br>അയ്യായിരം രൂപ |
| | College caution deposit<br>(Refundable one-time payment)<br>കോളേജ് കോഷൻ ഡെപ്പോസിറ്റ്<br>(തിരികെ നല്കുന്ന വ്യവസ്ഥയില്<br>ഒറ്റത്തവണ മാത്രം) | Rs.10,000/-<br>പതിനായിരം രൂപ |
| | semester fee<br>സെമെസ്റ്റർ ഫീസ് | Rs.7500/-<br>ഏഴായിരത്തി അഞ്ഞൂറ് രൂപ |
| g | Medium of Instruction<br>പഠന മാധ്യമം | English<br>ഇംഗ്ലീഷ് |

| | | |
|---|---|---|
| h | Accommodation<br>താമസ സൗകര്യം | Candidates have to make own arrangements for boarding and lodging<br>അപേക്ഷകർ സ്വന്തമായി താമസ ഭക്ഷണ സൗകര്യം ഒരുക്കേണ്ടതാണ് |

- The Fee Will be subjected to revision from time to time at the discretion of the University.
- സര്വകലാശാലയുടെ വിവേചനാധികാരത്തില് കാലാകാലങ്ങളില് ഫീസ് പരിഷ്കരിക്കപ്പെടും.

**SELECTION (തിരഞ്ഞെടുപ്പ്)**

- Selection will be based on merit / entrance examination conducted by KAU or as prescribed by KAU.
- കെ.എ.യു നടത്തുന്ന മെറിറ്റ്/പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലോ കെ.എ.യു നിർദ്ദേശിച്ചിട്ടുള്ളതോ ആയ തിരഞ്ഞെടുപ്പ് രീതി

**SYSTEM of Teaching and EVALUATION**
**(അധ്യയനവും മൂല്യനിര്ണയവും )**

- Credit - based semester system with the existing evaluation pattern of Kerala Agricultural University
- Candidates will be evaluated based on their performance in both written examinations and assignments.

- കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകൃത മൂല്യനിര്ണയ രീതിയായ ക്രെഡിറ്റ് അധിഷ്ഠിത സെമസ്റ്റര് സമ്പ്രദായം
- എഴുത്തു പരീക്ഷകളിലെയും അസൈൻമെന്റുകളിലെയും പ്രകടനത്തെ അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ വിലയിരുത്തും.

**Reservation (സംവരണം)**

- Admission to the academic programmes of the KAU is based on the reservation criteria prescribed by the Government of Kerala.
- കേരള കാർഷിക സർവ്വകലാശാലയിലെ അക്കാദമിക് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സർക്കാർ അനുശാസിക്കുന്ന സംവരണ മാനദണ്ഡം അടിസ്ഥാനമാക്കിയാണ്.

## GENERAL CONDITIONS

- All candidates who take admission and discontinue the course shall be liable to pay **Liquidated Damages** (equal to 50% of the annual fee) to the University, as per the existing rules.
- Only Indian Nationals are eligible to apply for these programme. If, at any point during or after admission, it is found that the candidate is not a citizen of India, their admission will be forfeited. They shall be subjected to legal action as per law. Applicants whose place of birth and/ or prior education is from a foreign country must submit supporting evidence, such as Indian passport.

## പൊതു നിബന്ധനകൾ

- കേരള കാര്ഷിക സര്വകലാശാലയിലെ പ്രോഗ്രാമ്മുകളില് പ്രവേശനം നേടുകയും പിന്നീട് കോഴ്സ് ഉപേക്ഷിക്കുകയും ചെയ്യുന്ന എല്ലാ വിദ്യാര്ത്ഥികളും നിലവിലുള്ള നിയമങ്ങള്ക്ക് അനുസൃതമായി (വാര്ഷിക ഫീസിന്റെ 50 ശതമാനത്തിന് തുല്യമായ) ലിക്വിഡേറ്റഡ് ഡാമേജസ് തുക സര്വകലാശാലക്ക് ഒടുക്കുന്നതിന് ബാധ്യസ്ഥരാണ്.
-
- ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. പ്രവേശന സമയത്തോ അതിനുശേഷമോ ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷാർത്ഥി ഇന്ത്യൻ പൗരൻ അല്ലെന്ന് കണ്ടെത്തിയാൽ പ്രവേശനം റദ്ദാക്കുന്നതും സർക്കാർ അനുശാസിക്കുന്ന നിയമനടപടികൾക്ക് വിധേയരാകേണ്ടിവരുന്നതുമാണ്. ജനനവും മുൻ വിദ്യാഭ്യാസവും വിദേശ രാജ്യത്ത് ആയിരുന്ന അപേക്ഷാർത്ഥികൾ ഇന്ത്യൻ പൗരത്വം തെളിയിക്കുന്ന രേഖകൾ (ഇന്ത്യൻ പാസ്പോർട്ട്) പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.

## PRADHAN MANTRI VIDHYALAXMI SCHEME
**(For Educational Loan)**

- Applicants on admission in the university may apply for educational loan through **pmvidyalaxmi.co.in** portal, if required.

- ഭാരത സര്ക്കാരിന്റെ പി.എം.വിദ്യാലക്ഷ്മി സ്കീം പോര്ട്ടല് pmvidyalaxmi.co.in വഴി വിദ്യാഭ്യാസ വായ്പക്കായി അപേക്ഷിക്കാവുന്നതാണ്.

- **FOR MORE DETAILS ABOUT THE COURSE, CONTACT:**

DR. GOPIKA SOMANATH
Assistant Professor (Course Director),
Department of Agricultural Extension Education
College of Agriculture, Vellayani, Thiruvananthapuram -695 522
Email : gopika.s@kau.in
Contact number: 9746 932 564, 9778 353 836

- **കോഴ്സിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബന്ധപ്പെടുക.**

ഡോ. ഗോപിക സോമനാഥ്
അസിസ്റ്റന്റ് പ്രൊഫസർ
കാർഷിക വിജ്ഞാന വ്യാപന വിദ്യാഭ്യാസ വിഭാഗം
കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം – 695522
ഇമെയിൽ : gopika.s@kau.in
മൊബൈൽ നമ്പറുകൾ : 9746 932 564, 9778 353 836

**For admission related queries, contact +91 487-2438139 (10 AM to 5 PM on working days) or email to hqreduf@kau.in**

**പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങള്ക്ക് +91 0487 2438139 എന്ന ഫോണ് നമ്പറില് പ്രവൃത്തി ദിവസങ്ങളില് രാവിലെ 10 മണി മുതല് വൈകുന്നേരം 5 മണി വരെയും hqreduf@kau.in എന്ന ഇമെയില് വിലാസത്തില് ഇമെയില് മുഖേനയും ബന്ധപ്പെടാം.**

**UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009**

Ragging in Kerala Agricultural University (KAU), in any form, has been strictly banned and is a criminal offense. Before applying, all the candidates are advised to study in detail the UGC Regulations on Curbing the Menace of Ragging in Higher Educational Institutions, 2009
(https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf).

Ragging is totally prohibited in KAU institutions, and anyone found guilty of ragging and/or abetting ragging, whether actively or passively, or being a part or being a part of a conspiracy to promote ragging, is liable to be punished in accordance with these Regulations as well as under the provisions of any penal law for the time being in force.

Every student studying in KAU and his/her parents/guardians shall be required to provide the specific affidavits in accordance with clauses (d), (e) and (g) of Regulation 6.1 of these Regulations at the time of admission or registration, as the case may be, during each academic year.

The candidates are advised to contact Anti-Ragging Committee / Cell of the institution (KAU) for further information in this regard. They may visit ICAR's Agricultural Education Portal (https://education.icar.gov.in/) to reach the website of the Kerala Agricultural University/ Institution of their interest. for more information. (visit https://kau.in/)

**COLLEGE OF AGRICULTURE, VELLAYANI**

**ANTI RAGGING HELPLINE NUMBER - 0471 2381002, 0471 2381915**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംങ്ങ് ഭീഷണി തടയുന്നതിനുള്ള യുജിസി ചട്ടങ്ങൾ, 2009**

കേരള കാർഷിക സർവ്വകലാശാലയിൽ (കെഎയു) എല്ലാ രൂപത്തിലുമുള്ള റാഗിംങ്ങും കർശനമായി നിരോധിച്ചിരിക്കുന്നു. ഇത് ക്രിമിനൽ കുറ്റമാണ്. അപേക്ഷിക്കുന്നതിന് മുമ്പ്, എല്ലാ ഉദ്യോഗാർത്ഥികളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംങ്ങ് ഭീഷണി തടയൽ, 2009' എന്നതിനെക്കുറിച്ചുള്ള യുജിസി ചട്ടങ്ങൾ വിശദമായി വായിക്കാൻ നിർദ്ദേശിക്കുന്നു.

https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf

കേരള കാര്ഷിക സര്വകലാശാലയുടെ സ്ഥാപനങ്ങളിൽ റാഗിംങ്ങ് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. റാഗിംങ്ങ് അല്ലെങ്കിൽ റാഗിംങ്ങ് പ്രോത്സാഹിപ്പിക്കുന്നതിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന ആർക്കും ഈ ചട്ടങ്ങൾക്കനുസൃതമായും നിലവിലുള്ള ഏതെങ്കിലും ശിക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും ശിക്ഷാർഹമാണ്.

കേരള കാര്ഷിക സര്വകലാശാലയില് പഠിക്കുന്ന ഓരോ വിദ്യാർത്ഥിയും അവന്റെ/ അവളുടെ മാതാപിതാക്കൾ/ രക്ഷിതാക്കളും ഓരോ അധ്യയന വർഷത്തിലും പ്രവേശന സമയത്തോ രജിസ്ട്രേഷന് സമയത്തോ ഈ ചട്ടങ്ങളിലെ റെഗുലേഷൻ 6.1 ലെ (ഡി), (ഇ), (ജി) എന്നീ വകുപ്പുകൾ അനുസരിച്ച് ആവശ്യമായ സത്യവാങ്ങ്മൂലങ്ങള് നൽകേണ്ടതുണ്ട്.

ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ (KAU) ആന്റി റാഗിംങ്ങ് കമ്മിറ്റിയേയോ സെല്ലിനേയോ ബന്ധപ്പെടേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാലയുടേയോ അവർക്ക് താത്പ്പര്യമുള്ള സ്ഥാപനത്തിന്റെയോ വെബ് സൈറ്റിൽ എത്താൻ ICAR- ന്റെ കാർഷിക വിദ്യാഭ്യാസ പോർട്ടൽ (https://education.icar.gov.in/) സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് https://kau.in/ സന്ദർശിക്കുക

**കാർഷിക കോളേജ്, വെള്ളായണി, വെള്ളായണി**

**ആന്റി റാഗ്ഗിംഗ് ഹെല്പ്പ് ലൈന് നമ്പര് : 0471 2381002, 0471 2381915**